# ‘വൃദ്ധസേവ’

## കെ.ജി.പൗലോസ്

11-ാം നൂറ്റാണ്ടിൽ ജീവിച്ച സംസ്കൃതാലങ്കാരികനായ രാജശേഖരന്റെ കാവ്യമീമാംസയിൽ കവിസഹൃദയ സംവാദത്തിന്റെ ഹൃദ്യമായൊരു വിവരണമുണ്ട്. നല്ലൊരു ആസ്വാദകൻ കവിയെ പരിചയപ്പെടുന്നതാണ് രംഗം. തന്റെ മുൻപിൽ നിൽക്കുന്നയാൾ കവിയാണെന്നറിഞ്ഞതോടെ അനുവാചകന്റെ ആസ്വാദന കൗതുകം ഉണർന്നു. ‘പുതിയ കവിതയേതെങ്കിലുമൊന്ന് ചൊല്ലൂ’ എന്നാണദ്ദേഹത്തിന്റെ അപേക്ഷ. ഇതുവരെയുള്ളതൊക്കെ വായിച്ചു കഴിഞ്ഞിരിക്കുന്നു എന്നൊരു സൂചന കൂടി നൽകുന്നു, ‘അഭിനവാ’ എന്ന സൂക്തിയുടെ വിശേഷണം. അമ്പേ നിരാശപ്പെടുത്തുന്ന തരത്തിലായിരുന്നു കവിയുടെ പ്രതികരണം. കവിതയെഴുത്ത് തന്നെ താൻ നിർത്തിയിരിക്കുന്നു എന്ന മറുപടിയിലെ നിസ്സംഗത ആസ്വാദകനെ അമ്പരപ്പിച്ചു. നിർബന്ധിച്ച് ചോദിച്ചപ്പോൾ കാവ്യരചനയിൽ നിന്ന് വിരമിച്ചതിന് മൂന്ന് കാരണങ്ങൾ കവി വ്യക്തമാക്കി – i. ഗുണദോഷങ്ങൾ വിവേചിച്ചറിയാൻ കഴിവുള്ളവർ നന്നേ ചുരുങ്ങിവരുന്നു. ii. അങ്ങനെ അല്പം ചിലർ ഉള്ളവരിൽ കവിത്വമുള്ളവർ കുറയും. iii. രണ്ടുമുള്ളവർ, ദൗർഭാഗ്യവശാൽ, നിർമത്സരല്ല.

ഇതിൽ ആദ്യത്തേത് തിരിച്ചറിവാണ്. അറിവും തിരിച്ചറിവും തമ്മിൽ വ്യത്യാസമുണ്ട്. ആനന്ദവർധൻ ഇത് വ്യക്തമാക്കുന്നുണ്ട്. ശബ്ദാർഥശാസനമറിയുന്നവന് പണ്ഡിതനാകാം. സഹൃദയനാകാൻ അതുപോരാ. അതിന് കാവ്യാർഥ തത്ത്വജ്ഞാനമാണ് വേണ്ടത്. ആസ്വാദകന്റെ പ്രധാനപ്പെട്ട വ്യാവർത്തകധർമ്മമിതാണ്. സ്വയം കവി ആകുന്നവനേ കവിഹൃദയത്തിലേയ്ക്ക് സുഗമമായി പ്രവേശിക്കാൻ കഴിയൂ. കവിത രചിക്കാനെന്നപോലെ ആസ്വദിക്കാനും പ്രതിഭ വേണം. സർഗാത്മകമായ പ്രതിഭ കാരയത്രി ആണ്; ആസ്വാദകനാത്മകമായത് ഭാവയത്രിയും. തിരിച്ചറിവും പ്രതിഭാനവും ഉള്ളവർക്ക് മാത്സര്യബുദ്ധി വന്നുപോയാൽ കുഴഞ്ഞു. പക്ഷപാതം വായനക്കാരനുണ്ടാകുന്നതിൽ തെറ്റില്ല. വിലയിരുത്തുന്നതിലെ സൗന്ദര്യാത്മകമായ തരതമഭാവത്തിൽ നിന്നുണ്ടാകുന്നതാണത്. ഇത് വ്യക്തിപരമായ സ്വാർഥതകളിലേയ്ക്കും ഇഷ്ടാനിഷ്ടങ്ങളിലേയ്ക്കും സംക്രമിക്കുമ്പോൾ ഗ്രൂപ്പുകളും ക്ലിക്കുകളുമൊക്കെയാവും. ഇത് സഹൃദയത്വത്തെ കാർന്നു തിന്നുന്ന അപകടകരമായ രോഗമാണ്.

നിശ്ശേഷേണ രൂപണം ചെയ്യുന്ന നിരൂപകനേയും വിശേഷേണ മർശനം ചെയ്യുന്ന വിമർശകനേയും കേവലാനുവാചകനെയും സഹൃദയൻ എന്ന ഒറ്റ വാക്കിലാണ് സംസ്കൃതത്തിൽ വ്യപദേശിക്കുന്നത്. കവിയോട് സമാനഹൃദയമുള്ളവൻ സഹൃദയൻ. കവിഹൃദയത്തിലേയ്ക്ക് ഊളിയിട്ടിറങ്ങാനുള്ള സിദ്ധി ഉണ്ടെങ്കിൽ മറ്റുള്ളവയൊക്കെ സ്വാഭാവികമായി വന്നുകൊള്ളും എന്നാണ് ആലങ്കാരികരുടെ ആകൂതം. സംവാദനക്ഷമമായ ഹൃദയമില്ലെങ്കിൽ വേറെയെന്തുണ്ടായിട്ടും കാര്യമില്ല എന്നർഥം.

സഹൃദയന്റെ ലക്ഷണങ്ങൾ മൂന്നും തികഞ്ഞവർ വിരളമായതുകൊണ്ടാണ് കവി എഴുത്ത് നിർത്തിയത്. ആയിരം വർഷങ്ങൾക്ക് മുൻപെന്നപോലെ ഇന്നും ഇതാണ് സ്ഥിതി. കവികളെപ്പറ്റി പറയുന്നതുപോലെ സഹൃദയനേപ്പറ്റിയും പറയാം – ‘മൂന്നോ നാലോ, ഏറിയാൽ അഞ്ചോ ആറോ മാത്രം’. അപൂർവമായ ഈ പരമ്പരയിൽ ഒന്നാം നിരയിൽ പെടുന്ന, കവികൾക്ക് ചാരിതാർഥ്യം നല്കാൻ കെല്പുള്ള, സഹൃദയനാണ് എഴുപതിന്റെ നിറവിലെത്തിയ ശ്രീ.കെ.പി.ശങ്കരൻ – ഗുണദോഷങ്ങൾ വിവേച്ചറിയാൻ കഴിവുണ്ട്, പ്രതിഭാന്വിതനാണ്, സാഹിത്യബാഹ്യമായ മറ്റൊന്നിനോടും പക്ഷപാതവുമില്ല.

നമ്മുടെ നിരൂപണരംഗത്തെ സൗമ്യശീതളമായ സാന്നിധ്യമാണ് ശങ്കരൻ മാസ്റ്ററുടേത്. മാസ്റ്ററുടെ ഓരോ ലേഖനം വായിക്കുമ്പോഴും നിർമലനീർത്തടാകത്തിൽ മുങ്ങിയുയരുന്നതിന്റെ കുളിർമ നമക്കനുഭവപ്പെടും. ചിരിച്ച് മധുരമായി സംസാരിക്കുമ്പോഴും ഓരോ കാര്യത്തിലും വ്യക്തമായ നിലപാട് അദ്ദേഹത്തിനുണ്ടായിരിക്കും. മനസ്സിൽ ഉറച്ച മൂല്യബോധത്തിന്റെ നികഷത്തിലുരച്ചാണ് അദ്ദേഹമീ നിലപാടുകൾ സ്വീകരിക്കുന്നത്; അണുപോലുമതിൽ വിട്ടുവീഴ്ചയില്ലതാനും.

കവിതയെ സംബന്ധിച്ച മാസ്റ്ററുടെ ലേഖനം ഓരോന്നും സ്വയംപൂർണ്ണമായ പഠനമാണ്. ഒരു പരാതിയേ ശങ്കരൻ മാസ്റ്ററെപ്പറ്റി സഹൃദയർക്കുണ്ടാകൂ. അഞ്ചു ദശാബ്ദത്തോളം കാലം നീണ്ട സാഹിതീസപര്യയുടെ കനികളായ ഈ സൂക്ഷ്മ പഠനങ്ങളെല്ലാം തന്നെ ആനുകാലികങ്ങളുടെ താളുകളിൽ മറഞ്ഞു കിടക്കുന്നു. പുസ്തകരൂപത്തിൽ അപ്പപ്പോൾ സമാഹരിക്കാതിരുന്നതു മൂലം എത്ര വലിയ

ജ്ഞാനശേഖരമാണ്, കാവ്യാനുശീലത്തിനുള്ള ഉപദാനസാമഗ്രികളാണ്, പഠിതാക്കൾക്ക് നഷ്ടമായത്! ഇപ്പോഴെങ്കിലും പ്രസിദ്ധീകരിക്കാൻ ചില ശ്രമങ്ങൾ നടക്കുന്നു എന്നത് സന്തോഷകരമാണ്. അത്തരത്തിലൊരു സമാഹാരമാണ് അഭിവാദ്യം - വ്യക്തിപരമായ കാരണങ്ങളാൽ എനിക്കേറെ ഇഷ്ടപ്പെട്ട ഒന്ന്. കാരണം, അതിൽ അനുസ്മൃതമായവരെല്ലാവരും എനിക്കും ഗുരുകല്പരാണ്. ആ ഓർമ്മകളെ മുൻനിർത്തി ചില നിരീക്ഷണങ്ങളാണ് താഴെ ചേർക്കുന്നത്.

XXXX XXXX XXXXX

ശങ്കരൻ മാസ്റ്റർ പലപ്പോഴായി എഴുതി പ്രസിദ്ധീകരിച്ച, അടുത്ത് മാത്രം സമാഹരിച്ച, 14 ലേഖനങ്ങളുടെ സമാഹാരമാണ് 'അഭിവാദ്യം'. താൻ അടുത്തറിയുന്ന ആചാര്യന്മാരെപ്പറ്റിയുള്ള അനുസ്മരണങ്ങളാണ് അവ. ശ്രീ.അനന്തമൂർത്തിയെയും ആലനഹള്ളിയേയും പറ്റിയുള്ളവയൊഴിച്ചാൽ അനുസ്മൃതരാവുന്നവരെല്ലാവരും കേരളീയർ. അവരുമായി ബന്ധപ്പെട്ട ഏതെങ്കിലും അവസ രത്തിൽ എഴുതിയവയാണ് ഈ അനുസ്മരണങ്ങൾ. അതുകൊണ്ട് തന്നെ ഈ ലേഖനങ്ങളുടെ മുഖ്യ ആകർഷകത്വം അവയിൽ തെളിയുന്ന ആത്മകഥാംശമാണ്. ഓർമ്മകൾ 'വെറ്റിലത്തരിപോലെ നുണയുന്ന ശീലം' ലേഖകനെന്നുമുണ്ട്. ഈ ചർവണയാണ് ആസ്വാദനത്തിന്റെ ലാവണ്യാനുഭൂതിയിലേയ്ക്ക് അദ്ദേഹത്തിന് അനുപ്രവേശം നൽകിയത്. ഷാരടിമാസ്റ്ററെപ്പറ്റി രണ്ടു ലേഖനങ്ങൾ ഈ സമാഹാരത്തിലുണ്ട്. ഒന്ന് ശതാഭിഷേകത്തിനെഴുതിയത് ; മറ്റൊന്ന് നവതിക്ക്. കേരളവർമ്മയിലെ മലയാളം ക്ലാസ്സുകളുടെ ഓർമ്മകളും നാരായണീയത്തിന്റെ താഴ്‌വാരത്തിലിരുന്നുള്ള മാസ്റ്ററുടെ ജ്ഞാനതപസ്സിൽ നിന്നൂറിക്കിട്ടിയ അനുഭൂതികളുമാണ് ഉള്ളടക്കം. പാഠനിർണ്ണയത്തിന്റെയും അർഥവിവരണത്തിന്റെയും യുക്തികൾ പഠനാനുഭവങ്ങളിൽ നിന്ന് പിടിച്ചെടുക്കാം. ആഴത്തിൽ തറച്ച നുറുങ്ങനുസ്മരണങ്ങൾ ധാരാളമുണ്ടീ ലേഖനങ്ങളിൽ. കേരളവർമ്മയിൽ മാസ്റ്ററുടെ സഹപ്രവർത്തകനായി അധ്യാപനജീവിതമാരംഭിച്ച ആദ്യവർഷങ്ങളിലൊരിക്കൽ സ്റ്റാഫ് റൂമിൽ വെച്ചുണ്ടായ ഒരനുഭവം - നാട്ടിൻപുറത്തെവിടെയോ നിന്ന് ഒരു പരിപാടിക്ക് ക്ഷണിക്കാൻ വന്നവരെ ഒഴിവുകഴിവ് പറഞ്ഞ് ഉപേക്ഷിച്ചപ്പോൾ മാസ്റ്റർ ഇടപെട്ടു.

'ഇത്രനേരം നിശ്ശബ്ദനായിരുന്ന മാസ്റ്റർ ഇപ്പോൾ പതുക്കെ ഇടപെടുകയായി. 'എന്തേ താൻ സമ്മതിക്കാഞ്ഞത്?' എനിക്കു തൃപ്തികമായ ഉത്തരമൊന്നും ഇല്ലല്ലോ, തുടർന്ന് മാസ്റ്റർ പറഞ്ഞു മനലസ്സിലാക്കിത്തന്നു - തന്റെ അസദൃശമായ നാടൻ ഉക്തിവൈചിത്ര്യത്തിന്റെ പിൻബലത്തോടെ: തന്നോട് ഒരു കൈക്കോട്ടുതന്ന് കണ്ടം കിളയ്ക്കാനല്ലല്ലോ ആവശ്യപ്പെട്ടത്. കന്നു പൂട്ടാനുമല്ല. അതാണെങ്കിൽ, വയ്യ എന്നൊഴിയുന്നതിന് അർഥമുണ്ട്. ഇത് ചെന്നു സന്ദർഭം പോലെ നാലുവാക്കു പറയുക - അത്രയല്ലേ വേണ്ടൂ? ഈശ്വരൻ സഹായിച്ച്, അതിനു തനിക്ക് അത്ര വയ്യായ്കയുമില്ല - ശരിക്കും ഒരു വെലിക്കളയലിന്റെ മിടുക്കായിരുന്നു ഈ ഇടപെടലിന്. പിന്നെ, തീരെ നിവൃത്തിയില്ലെങ്കിലേ, പ്രസംഗത്തിനുള്ള ക്ഷണം ഞാൻ നിരസിക്കാറുള്ളു .

ഇത്തരമനേകം അനുഭവങ്ങളാണ് ഒരുവന്റെ ജീവിത വീക്ഷണത്തെ കരുപ്പിടിപ്പിക്കുന്നത്.

മാതൃഭൂമി ആഴ്ചപ്പതിപ്പിൽ എഴുതിത്തുടങ്ങുന്ന കാലത്ത് ഉള്ളതിലേറെ ഉയരം നടിക്കാൻ പരവശപ്പെടുന്ന ചില പണ്ഡിതന്മാർ എൻ.വി.കൃഷ്ണവാരിയരോട് മാസ്റ്ററുടെ ഉപസ്ഥിതിയെക്കുറിച്ച് സംശയം പ്രകടിപ്പിച്ചത്രേ. തന്റെ സുപരീക്ഷിതമായ ന്യൂനോക്തിയിൽ ഒതുക്കി എൻ.വി. പറഞ്ഞു 'എന്തോ, ഞങ്ങളൊക്കെ വല്ല സംശയവും വന്നാൽ തീർക്കുന്നത് ഷാരടിയോട് ചോദിച്ചിട്ടാണ്.'

ഉണ്ണി മാസ്റ്റർ എന്ന സാക്ഷാൽ എൻ.ഡി.കൃഷ്ണനുണ്ണിയെപ്പറ്റിയുള്ള ലേഖനം, പരുക്കനെന്ന് പുറമേ തോന്നിക്കുന്ന ആ ഗുരുനാഥന്റെ ആർദ്രതയും വാത്സല്യവും വ്യക്തമാക്കുന്നു. എം.എ.യ്ക്ക് ലേഖകന് പഠിക്കാനുണ്ടായിരുന്ന കുമാരസംഭവം അഞ്ചാം സർഗത്തിന്റെ എ.ആർ.പരിഭാഷയുടെ ഓരോ ശ്ലോകത്തേയും മൂലത്തോട് ബന്ധപ്പെടുത്തി വിശദമായെഴുതി എസ്.ഗുപ്തൻ നായരെ കാണിച്ചു. അഭിനന്ദിക്കുന്നതിനിടയിൽ അദ്ദേഹം ചോദിച്ചത്-'ആരാണ് സംസ്കൃതം പഠിപ്പിച്ചത് എന്നത്രേ!' ഉണ്ണി മാസ്റ്ററുടെ ശിഷ്യനാകാൻ കഴിഞ്ഞതിലെ അഭിമാനം വാനോളം പൊങ്ങി. ഇതിനൊരു ഫലവുമുണ്ടായി. തിരുനല്ലൂരിന്റെ മേഘസന്ദേശപരിഭാഷയ്ക്ക് അത്തരത്തിലൊരു പഠനം തയ്യാറാക്കാൻ നിർദ്ദേശിക്കുകയും ശിഷ്യനറിയാതെ തന്നെ ഗുരു അത് വാരികയിൽ പ്രസിദ്ധീകരിപ്പിക്കുകയും ചെയ്തു! ഗുപ്തൻ നായരെപ്പറ്റിയുള്ള ഓർമ്മകൾ അദ്ദേഹത്തിന്റെ നിരൂപണത്തിന്റെ സ്വാദിഷ്ഠമായ സമനിലയെ വിലയിരുത്തുന്നതാണ്. 'ആത്യന്തികമായ അർഥത്തിൽ വിമർശനമെന്നത് സാംസ്കാരികമായ

അവസ്ഥയോടുള്ള സജീവമായ പ്രതികരണം തന്നെ. ഈ സജീവതയ്ക്ക് ഊനമേല്ക്കാതെ തന്നെ സമനില പുലർത്തുന്നു എന്നിടത്തത്രേ പ്രൊഫ.ഗുപ്തൻനായരുടെ സവിശേഷത.'

ഷാരടി മാസ്റ്ററും ഉണ്ണിമാഷും പ്രൊഫ.ഗുപ്തൻനായരും ലേഖകന്റെ നേരിട്ടുള്ള ആചാര്യന്മാരാണ്. എന്നാൽ, പരോക്ഷാചാര്യനാണ് കുട്ടികൃഷ്ണമാരാർ. ആ കാലഘട്ടത്തിൽ സാഹിത്യത്തിൽ താത്പര്യമുള്ള ചെറുപ്പക്കാരെയെല്ലാം മാരാര് തന്റെ മാസ്മരികവലയത്തിൽപ്പെടുത്തിയിരുന്നു. അവരുടെ അഭിരുചികളെ രൂപപ്പെടുത്തിയത് മാരാരാണ്. മാരാരുടെ പക്ഷപാതങ്ങളാണ് ആ തലമുറയെ നയിച്ചത്. മലയാള വായനക്കാരെ 'പാവങ്ങളു'ടെ ആരാധകനാക്കിയത് മാരാരാണ്. 'യുദ്ധവും സമാധാനവും' എന്ന ടോൾസ്റ്റോയിയുടെ ക്ലാസ്സിക്കിനോട് വിപ്രതിപത്തിയും ഉണ്ടാക്കി. മാരാരുടെ ഭാരതോപന്യാസങ്ങളിലെ കർണ്ണപക്ഷപാതമാണ് മാലിയുടെ കർണ്ണശപഥത്തെ ആസ്വദിക്കാൻ മലയാളിയുടെ മനസ്സിനെ പാകപ്പെടുത്തിയതെന്ന് എനിക്ക് പലപ്പോഴും തോന്നിയിട്ടുണ്ട്. മലയാളിയുടെ സാഹിത്യമനസ്സിന് യുക്തിബോധം നല്കിയതും മാരാരാണ്. 'എതിർക്കാനും കുതിക്കാനുമുള്ള അബോധപൂർവമായ വാസനയ്ക്ക് പരോക്ഷമായ സമർപ്പണമാണ് മാരാർ വായനയിലൂടെ സാധിച്ചു പോന്നത് ' എന്ന ലേഖകന്റെ ആത്മാവിഷ്കാരം ആ തലമുറയിലെ അനേകർക്ക് ബാധകമാണ്.

ചെറുളിയിൽ കുഞ്ഞുണ്ണി നമ്പീശനെപ്പറ്റിയുള്ള അനുസ്മരണത്തിന്റെ ശീർഷകം തന്നെ കാവ്യാത്മകമാണ് - 'കവിതയുടെ അശോകം'. ജീവിതത്തിൽ ആ കവിക്ക് കയറേണ്ടി വന്നത് ശോകമരത്തിലാണ്, കവിതയുടെ അശോകത്തിലദ്ദേഹം കയറിയില്ല, കൈയെത്തുന്ന ഏതാനും പൂക്കൾ പറിച്ചെടുത്ത് തൃപ്തി നേടി, ആ പൂക്കളിൽ, പക്ഷേ, നവോത്ഥാനത്തിന്റെ നിറവും മണവും അനുഭവിക്കാം – കവിത കിനിയുന്ന വിവരണം. കൂട്ടത്തിൽ പറയട്ടെ, ആർക്കും അസൂയ ഉളവാക്കുന്നവിധം ഹൃദ്യവും ഭദ്രവുമാണ് മാസ്റ്ററുടെ ശൈലി. നറുമണമോലുന്ന മലയാളപദങ്ങളും ഗരിമയാർന്ന സംസ്കൃത പദങ്ങളുമിണക്കുന്ന ശയ്യാഗുണം നിരൂപണത്തിന് കാവ്യഭാഷയുടെ ചാരുത നല്കുന്നു.

മൈസൂരിലെ ലേഖകന്റെ ക്വാർട്ടേഴ്സിൽ, മൂകാംബികയിൽ നിന്ന് മടങ്ങുന്ന വഴി കുട്ടികളോടൊപ്പം ചെറുകാടെത്തുന്നതിന്റെ അനുസ്മരണമാണ് 'പാറക്കെട്ടിലെ നീരരുവി '. തലക്കെട്ട് തന്നെ ചെറുകാടിന്റെ നാളികേരപാകത്തെ ഒറ്റയടിക്ക് വെളിവാക്കുന്നു. രാവിലെ 'പപ്രച്ഛ'വേഷത്തിൽ പ്രത്യക്ഷപ്പെട്ട് 'രണ്ടര' ആളുകൾക്ക് ഊണ് തയ്യാറാക്കാൻ പറഞ്ഞേല്പിച്ചുപോയ ചെറുകാട് ഉച്ചയായിട്ടും എത്തുന്നില്ല! സംഭവിച്ചതിതാണ് – പുലർച്ചേ റയിൽവേ സ്റ്റേഷനിലിറങ്ങി കുട്ടികളെ രണ്ടുപേരെയും ഒരു ചോലമരത്തിൽ കീഴിലിരുത്തിയിട്ടാണ് അദ്ദേഹം വീടന്വേഷിച്ചു പുറപ്പെട്ടത്. തിരിച്ചു ചെന്നപ്പോൾ പാത തെറ്റി. ഒരേ പോലുള്ള അനേകം ചോലമരങ്ങൾ. കുട്ടികളെ ഇരുത്തിയതേതിന്റെ ചുവട്ടിലെന്ന് കണ്ടുപിടിക്കാൻ പണി!

ദൈവത്തെപ്പറ്റിയുള്ള ചെറുകാടിന്റെ അഭിപ്രായമിതാണ്–'ഈ ദൈവം എന്ന് പറയുന്ന ആളോട് എനിക്ക് വിശേഷിച്ച് വിരോധമൊന്നുമില്ല. അയാൾ, പക്ഷേ, നമ്മുടെ പി.ടി. ഭാസ്കരപ്പണിക്കരെപ്പോലെയോ മറ്റോ ആകണം. നമുക്ക് തുല്യത തോന്നാൻ പാകത്തിൽ നമ്മോട് ഇങ്ങോട്ട് ഇണങ്ങുന്ന ആളായിരിക്കണം.'

ഇതുപോലൊരു സന്ദർശനത്തിന്റെ സൗമ്യസ്മരണയാണ് മഹാകവി അക്കിത്തത്തെപ്പറ്റിയുള്ളത്. ഇതിലെ കാന്തബിന്ദു മഹാകവി എളിയിലേറ്റിയ ഇളയമകൾ ആണ്. അതിൽ നിന്ന് ലേഖകന് കിട്ടിയ അനുഭവമിതാണ്–'മകൾക്ക് ചായ ആറ്റി കൊടുക്കുക, വഴിയെ മകളെ കുളിപ്പിക്കുക, തോർത്തിക്കുക, അലങ്കാരത്തിന് തുണയ്ക്കുക – അക്കിത്തത്തിന്റെ ഓരോ ചലനവും ആസന്നഭാവിയിൽ അച്ഛനാകാനിരിക്കുന്ന എന്നെ സ്പർശിച്ചിരിക്കണം.' ഇതിന്റെ ഫലശ്രുതിയായിരിക്കണം കുടുംബത്തിലുള്ളവർ കുറ്റപ്പെടുത്തുംവിധം ആദ്യമകളെ താലോലിക്കുന്നത്!

നാട്യാചാര്യനായ പൈങ്കുളം ശങ്കരൻമാഷ്ടെ നാട്ടുകാരനാണ്. അദ്ദേഹത്തിന്റെ മഹത്വം വേണ്ടവിധം ലോകമറിയാൻ ഒന്നും ചെയ്യുന്നില്ലല്ലോ എന്ന തേങ്ങൽ ഈ സ്മരണകളിൽ അന്തർലീനമായി കിടപ്പുണ്ട്. ചാക്യാരുടെ സൗന്ദര്യബോധവും ഔചിത്യദീക്ഷയും ഈ വിവരണങ്ങളിൽ തെളിഞ്ഞുകാണാം. അദ്ദേഹം ഉണ്ടാക്കിയ ചമയങ്ങൾ, രചിച്ച ഛായാശ്ലോകങ്ങൾ എന്നിവ സവിശേഷമായ ഒരു ലാവണ്യ സങ്കല്പത്തിൽ നിന്ന് ഉടലെടുത്തവയാണ്. കൂടിയാട്ടത്തിന്റെ ആഹാര്യത്തെ പരിഷ്കരിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞതും അതുകൊണ്ടാണ്. ഔചിത്യദീക്ഷയാണ്, സദസ്സ് ഏറെ രസിച്ചിട്ടും തന്റെ 'ഭുക്തിവധു'വിന്റെ

വിവരണം അതിരുകടന്നുപോയോ എന്ന ശങ്ക ചാക്യാരിലുളവാക്കിയത്. ഭഗവദജ്ജുകം പോലുള്ള കഥകൾ ചിട്ടപ്പെടുത്തിയതിലും കാണാം ഈ ഔചിത്യവിചാരം. ഏറെ ശ്ലാഘിക്കേണ്ടത് ചാക്യാരുടെ ഗുരുഭക്തിയെയാണ് – കൂത്തിനെ അമ്പലത്തിന് പുറത്തവതരിപ്പിക്കുക എന്ന സാഹസം ചെയ്യുമ്പോഴും ഗുരുവിനെക്കൂടി കടാക്ഷിക്കുന്ന ആചാര്യന്റെ സഗദ്ഗദമായ പ്രാർഥനയ്ക്ക് പരിഷ്കരണ ശ്രമങ്ങൾക്കുള്ളതിനേക്കാൾ കൂടുതൽ തിളക്കം ചരിത്രത്തിലുണ്ട്.

ശ്രീകൃഷ്ണ ആലനഹള്ളിയുടെ ചരമമുണർത്തുന്ന വേദനകളാണ് ഗ്രാമത്തിന്റെ നാമ്പ്. പേര് സൂചിപ്പിക്കുന്നതുപോലെ ഗ്രാമീണശുദ്ധിയുടെയും നിഷ്കളങ്കതയുടേയും പര്യായമാണ് കൃഷ്ണ.

യു.ആർ.അനന്തമൂർത്തിക്ക് ജ്ഞാനപീഠം പുരസ്കാരം ലഭിച്ചപ്പോൾ അദ്ദേഹത്തിന്റെ സാഹിത്യസംഭാവനകളെ സമഗ്രമായി വിലയിരുത്തിക്കൊണ്ട് എഴുതിയതാണ് ഈ സമാഹാരത്തിലെ അവസാനത്തെലേഖനം. ഞാൻ തൃപ്പൂണിത്തുറയിൽ പ്രിൻസിപ്പലായിരുന്നപ്പോൾ, 1990 ലെ പരീക്ഷിത്ത് സ്മാരക പ്രഭാഷണം നിർവഹിച്ചത് ഡോ.അനന്തമൂർത്തി ആയിരുന്നു. 'പാരമ്പര്യവും ആധുനികതയും' എന്നതായിരുന്നു വിഷയം. കലാകാരന്റെ സർഗശക്തിയെ ഇതെങ്ങനെ സ്വാധീനിക്കുന്നു എന്ന് സംസ്കാരയുടെ രചനാനുഭവം ഉദാഹരിച്ചുകൊണ്ട് വിവരിക്കുകയാണ് അനന്തമൂർത്തി ആ പ്രഭാഷണത്തിൽ ചെയ്തത്. സംസ്കാരയെ മലയാളികൾക്ക് പരിചയപ്പെടുത്തിയ ശ്രീ.കെ.പി.ശങ്കരൻ ആ ചർച്ചയിൽ സജീവമായി പങ്കുകൊണ്ടിരുന്നു. ആ ഓർമ്മകളാണ് ഈ ലേഖനം എന്നിലുയർത്തുന്നത്.

സംസ്കാര ഉയർത്തുന്ന ചോദ്യമിതാണ് – വിധിപ്രകാരമല്ലാതെ ജീവിച്ച ബ്രാഹ്മണന്റെ സംസ്കാരക്രിയകൾ എങ്ങനെ നടത്തണം? ബ്രാഹ്മണവിധിപ്രകാരമോ അല്ലാതെയോ? - പ്രാണേശാചാര്യയ്ക്കു പോലും ഈ സമസ്യയ്ക്ക് വ്യക്തമായി ഉത്തരം നല്കാൻ കഴിയുന്നില്ല. മാത്രവുമല്ല പത്നിയെ ത്യാഗത്തിന്റെ തപോഭൂമിയായി കരുതുന്ന ആചാര്യൻപോലും അവസാനം ചന്ദ്രിയുടെ വശ്യതയിൽ വീണുപോകുന്നു. ആചാര്യരുടെ മഹത്ത്വത്തെ ആരാധിക്കുന്ന ചന്ദ്രി പ്രലോഭിതയാകുന്നു. അളിയുന്ന ബ്രാഹ്മണ്യത്തിന്റെ അനാചാരങ്ങളെയാണ് അനന്തമൂർത്തി ക്രൂരമായി ചോദ്യം ചെയ്തത്. പാരമ്പര്യവും ആധുനികതയും തമ്മിലുള്ള സംഘർഷം സർഗശേഷിയെ സ്വാധീനിക്കുന്നതെങ്ങനെ എന്ന ചോദ്യം ഉയരുന്നതിവിടെയാണ്.

സാഹിത്യം മാറ്റത്തിനുള്ള മാധ്യമമാവണമെന്നതിൽ ആർക്കും സംശയമില്ല. എന്നാൽ പരിവർത്തന പ്രമേയത്തെ ഋജുവും ഏകമുഖവുമാക്കാൻ വയ്യ. സംസ്കാര സങ്കീർണ്ണമാകുന്നതിന്റെ പൊരുളിതാണ്. പരിവർത്തനത്തെ കണ്ണടച്ച് എതിർക്കുന്നതും പൊള്ളയായി അനുകൂലിക്കുന്നതും ഫലപ്രദമാവില്ല. നിലനില്ക്കുന്ന വ്യവസ്ഥയുടെ ആഴത്തിൽ നിന്ന് വേരുകൾ പിഴുതെടുക്കേണ്ടി വരുമ്പോൾ വ്യക്തി അനുഭവിക്കുന്ന വേദനയും വിഭ്രാന്തിയുമായിരിക്കണം എഴുത്തുകാരന്റെ വിഭവം. അല്ലെങ്കിൽ മുദ്രവാക്യമായി കൃതി മാറിപ്പോകും. നാരാണപ്പ എന്ന കലാപകാരിയെ സംസ്കാരയുടെ നായകസ്ഥാനത്ത് നിർത്താത്തത് ഇതുകൊണ്ടാണ്. പരിവർത്തനമെന്നത് സ്ഥൂലമായൊരു പൊട്ടിത്തെറിയല്ല, ആന്തരികമായ, ആത്മപീഡാകരമായ പ്രക്രിയയാണത്.

ഓഫീസിൽ 21-ാം നൂറ്റാണ്ടിലും വീട്ടിനുള്ളിൽ 15-ാം നൂറ്റാണ്ടിലുമാണ് ഭാരതീയ മനസ്സ് വ്യാപരിക്കുന്നത് എന്ന് അനന്തമൂർത്തി നിരീക്ഷിച്ചിട്ടുണ്ട്. ഈ വികല്പമാണ് പാരമ്പര്യത്തെ ആധുനികതയോട് ഇണക്കുന്നതിന് തടസ്സമായി നില്ക്കുന്നത്. സംസ്കാരയുടെ വിഷയമിതാണ്. കർണ്ണാടകത്തിൽ ലഭിച്ചതിനേക്കാൾ സംസ്കാരയ്ക്ക് കേരളത്തിൽ അംഗീകാരം ലഭിച്ചത് ഇരുസമൂഹത്തിന്റെയും മാനസികഘടനയുടെ വ്യത്യാസം മൂലമാണ്. ശങ്കരൻ മാഷ്ടെ മൈസൂർവാസം കൊണ്ട് മലയാളിക്ക് കിട്ടിയ ഏറ്റവും വലിയ നേട്ടം സംസ്കാരയുടെ പരിഭാഷയാണ്.

xxx xxx

ആറ്റൂർ കൃഷ്ണപിഷാരടി, കെ.എസ്.കെ. തളിക്കുളം, തിക്കൊടിയൻ എന്നിവർ കൂടി ഈ ഗ്രന്ഥത്തിലെ അഭിവാദ്യത്തിന് വിഷയമാകുന്നുണ്ട്. വ്യക്തികളോ അവരുടെ മഹത്വ വർണ്ണനകളോ അല്ല ഇവിടെ പ്രധാനം. തന്റെ ജീവിതത്തെ, വീക്ഷണത്തെ രൂപപ്പെടുത്തുന്നതിൽ ഈ ആചാര്യന്മാർ വഹിച്ച പങ്കാണ് അബോധപൂർവമാണെങ്കിലും ഈ ഓർമ്മകളുടെ അന്തർധാരയായി വർത്തിക്കുന്നത്. അതുകൊണ്ട് ഓർമ്മക്കുറിപ്പുകൾക്കും ജീവചരിത്രത്തിനുമപ്പുറത്തുള്ള സർഗാത്മക രചനകളായി ഓരോ അഭിവാദനവും

മാറുന്നു എന്നതാണിവയുടെ വൈശിഷ്ട്യം. ബന്ധങ്ങളെ ആത്മവത്തയുടെ ഭാഗമായി സ്വാംശീകരിക്കാൻ അദ്ദേഹത്തിനു കഴിയുന്നു. കവിത്വത്തിന്റെ വികാസത്തിന് അവശ്യോപാധിയായി പണ്ടുളളവർ 'വൃദ്ധസേവ'യെ വിവരിച്ചിട്ടുണ്ട്. ജ്ഞാനത്തിൽ വൃദ്ധരായവരുടെ സമ്പർക്കവും അനുഗ്രഹവും നേടലാണ് വൃദ്ധസേവയുടെ ലക്ഷ്യം. ഇന്നുള്ളവർ ഇതുകേട്ടാൽ ചിരിക്കും. ഒരു കവിതയെഴുതുകയോ പാട്ടുപാടുകയോ ചെയ്യുമ്പോഴേയ്ക്കും വിശ്വോത്തര കലാകാരന്മാരായി എന്ന് മേനി നടിക്കുന്നവർക്ക് വിവേകസോപാനത്തിന്റെ എണ്ണിയാലൊടുങ്ങാത്ത പടികളെപ്പറ്റി പുച്ഛമേ ഉണ്ടാകൂ. എന്നാൽ കേറുന്തോറും അത്രകൂടി വീണ്ടുമവശേഷിക്കുന്ന അനന്തമായ ഏണിപ്പടികളെയും താണ്ടേണ്ട വഴിയുടെ ദൈർഘ്യത്തെയും പറ്റി ബോധമുള്ളവർക്കേ ഈ യാത്ര സഫലമാക്കാൻ പറ്റൂ. നിരന്തരമായ അഭ്യാസവും അനുശീലനവും കൊണ്ടേ കവിത രചിക്കാൻ കഴിയൂ; സാർഥകമായ ആസ്വാദനത്തിനും ഇത് ബാധകമാണ്. അനേകം പ്രകാശഗോപുരങ്ങളെ പുല്കാൻ ഭാഗ്യമുണ്ടാകുക, പുല്കുന്ന ഓരോന്നിൽ നിന്നും പ്രകാശരേണുക്കൾ തന്നിലേയ്ക്ക് പ്രസരിക്കുക. ആ പ്രഭയോരൊന്നും ആലക്തികശക്തിയോടെ തന്റെ ഭാവുകത്വത്തെ ഭാസുരമാക്കുക. ഇങ്ങനെയാണ് കവികളും വിമർശകരും രൂപപ്പെടുന്നത്. മഹത്വസങ്കീർത്തനങ്ങൾക്കൊപ്പം ഈ ഭാവുകത്വപരിണതി കൂടി അഭിവാദ്യം അനാവരണം ചെയ്യുന്നു. ഒപ്പം ശങ്കരൻ മാഷ്ടെ വ്യക്തിത്വത്തിന്റെ ഭാഗമായ ലാളിത്യത്തിനും പ്രസന്നതയ്ക്കും ഇവയ്ക്കാധാരമായ മൂല്യസങ്കല്പത്തിനും മാതൃകകളെ ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു.

---


*വാചസ്പതി*

**ഡോ. കെ.ജി. പൗലോസ്**

*വൈസ് ചാൻസലർ*

**കേരള കലാമണ്ഡലം കല്പിത സർവകലാശാല**

വള്ളത്തോൾ നഗർ, ചെറുതുരുത്തി പി.ഒ., തൃശ്ശൂർ ജില്ല, പിൻ: 679 531

ഫോൺ: 04884 263440 (ഓഫീസ്), 04884 264477 (വീട്), മൊ: 9846041205

E-mail : kgpaulose@gmail.com, Website: www.kalamandalam.org.


---